## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 713** **23-02-2022 - ൽ മറുപടിയ്ക്ക്**

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി. നടത്തിയ സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ (കാറ്റഗറി നമ്പർ 237/18) റാങ്ക് ലിസ്റ്റ് എപ്പോഴാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ; | (എ) | 21.10.2021 |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്താമോ; | (ബി) | നേരിട്ടുള്ള നിയമനത്തിനായി നിയമന ശിപാർശ ലഭിച്ചിട്ടുള്ള 170 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. 31.12.2021 തീയതി വരെ പ്രസ്തുത തസ്തികയിൽ 235 ഒഴിവുകൾ (എൻ.ജെ.ഡി ഉൾപ്പെടെ) ഉള്ളതിൽ 71 ഒഴിവുകൾ ഗ്രാമ സേവകരിൽ നിന്നുമുള്ള തസ്തിക മാറ്റം വഴി നിയമനം നടത്തിയിട്ടുള്ളതാണ്. 2022 വർഷം 56 ഒഴിവുകൾ (37 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനും 19 ഒഴിവുകൾ ഗ്രാമ സേവകരിൽ നിന്നുമുള്ള സ്ഥാനമാറ്റം വഴിയുള്ള നിയമനത്തിനും) പ്രതീക്ഷിത ഒഴിവായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. |
| (സി) | ഈ തസ്തികയിലേക്ക് പി.എസ്.സി. വിജ്ഞാപനം ചെയ്യുമ്പോൾ വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | എ. ഒരു അംഗീകൃത യൂണിവേഴ്സിറ്റിയുടെ ബി.കോം. ബിരുദം (സഹകരണം) ഐച്ഛിക വിഷയമായി എടുത്തത് പാസ്സായിരിക്കണം. അല്ലെങ്കിൽ ബി. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി.എ., ബി.എസ്.സി., ബി.കോം. ഡിഗ്രിയും അതോടൊപ്പം ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്.ഡി.സി.) പാസായിരിക്കണം. അല്ലെങ്കിൽ സഹകരണ വകുപ്പ് നടത്തുന്ന സബോർഡിനേറ്റ് പേഴ്സണൽ ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം. അല്ലെങ്കിൽ സംസ്ഥാന സഹകരണ യൂണിയൻ കേരള നടത്തുന്ന ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ പാസായിരിക്കണം. അല്ലെങ്കിൽ സി. കേരള കാർഷിക സർവകലാശാലയുടെ ബി.എസ്.സി. (കോ-ഓപ്പറേഷൻ & ബാങ്കിംഗ്) പാസായിരിക്കണം. അല്ലെങ്കിൽ ഡി. നാഷണൽ കൗൺസിൽ ഫോർ |

| | | | |
|---|---|---|---|
| | | | റൂറൽ ഹയർ എജ്യുക്കേഷൻ, സഹകരണം പ്രത്യേക വിഷയമായി നടത്തുന്ന ഡിപ്ലോമ ഇൻ റൂറൽ സർവീസസ് പാസായിരിക്കണം. അല്ലെങ്കിൽ ഇ. കോ-ഓപ്പറേഷൻ ഡിഗ്രി, (ബാച്ചിലർ ഓഫ് കോ-ഓപ്പറേഷൻ) ഡീംഡ് യൂണിവേഴ്സിറ്റിയായ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പാസായിരിക്കണം. സൂപ്പർവൈസർമാർ/ ഇൻസ്പെക്ടർമാർ/കേന്ദ്ര മധ്യ തല റീജിയണൽ സഹകരണ സ്ഥാപനങ്ങളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാർ കൂടാതെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് താഴെ പറയുന്ന യോഗ്യതകൾ വേണ്ടതാണ്. (i)എസ്.എസ്.എൽ.സി.യോ, തത്തുല്യമായതോ പാസ്സായിരിക്കണം. (ii) ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ അല്ലെങ്കിൽ ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ. (iii) സൂപ്പർവൈസർ/ഇൻസ്പെക്ടർ അല്ലെങ്കിൽ സംസ്ഥാനത്തെ കേന്ദ്ര സ്ഥാപനങ്ങളിൽ മിനിസ്റ്റീരിയൽ തസ്തികയിൽ ചുരുങ്ങിയത് 5 വർഷത്തെ സേവനം അല്ലെങ്കിൽ ഒരു പ്രാഥമിക സഹകരണ സംഘത്തിലെ ക്ലാർക്ക്, സെക്രട്ടറി അല്ലെങ്കിൽ മാനേജരായിട്ടുള്ള സേവനം. |
| (ഡി) | 2021 ജൂൺ 21-ന് വിദ്യാഭ്യാസ യോഗ്യതയിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയ്ക്ക് നിലവിലുണ്ടായിരുന്ന യോഗ്യതകളായ ബി.എ., ബി.എസ്.സി., ബി.കോം. എന്നീ ബിരുദങ്ങൾക്കു പകരം യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എതെങ്കിലും ബിരുദവും ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്.ഡി.സി.) അല്ലെങ്കിൽ ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്നിവ കൂടി ഉൾപ്പെടുത്തി 21/06/2021ലെ സ.ഉ.(പി) നം 99/2021/സഹ ഉത്തരവ് പ്രകാരം വിശേഷാൽ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്. |
| (ഇ) | പി.എസ്.സി. അപേക്ഷ ക്ഷണിക്കുമ്പോഴുള്ള യോഗ്യതാ മാനദണ്ഡം പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതു വരെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | പി.എസ്.സി. അപേക്ഷ ക്ഷണിക്കുമ്പോഴുള്ള യോഗ്യതാ മാനദണ്ഡം പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നു തന്നെ നിയമനം നടത്തുന്നതിന് വേണ്ടി വിദ്യാഭ്യാസ യോഗ്യതയിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയ ഉത്തരവിൽ 14/02/2022 ലെ സ.ഉ.(പി)നം.18/2022/സഹ ഉത്തരവ് പ്രകാരം ഒരു Saving Clause കൂടി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ